# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2917 — 11.12.2014 ൽ മറുപടിയ്ക്ക്

### അംഗീകാരമില്ലാത്ത സ്കൂളുകളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. എളമരം കരീം
ശ്രീ. എം. ചന്ദ്രൻ
ശ്രീ. ബി.ഡി. ദേവസ്സി
ശ്രീ. കെ.കെ. ജയചന്ദ്രൻ

(എ) സംസ്ഥാനത്തെ അംഗീകാരമില്ലാത്ത സ്കൂളുകളുടെ പ്രവർത്തനം തടയുന്നത് സംബന്ധിച്ച് സർക്കാർ നിലപാട് എന്താണെന്നറിയിക്കാമോ;

(ബി) വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം ഇത്തരം സ്കൂളുകൾക്ക് പ്രവർത്തന സ്വാതന്ത്ര്യമുണ്ടോ; ചട്ടവിരുദ്ധ പ്രവർത്തനങ്ങളും വിദ്യാർത്ഥി പീഡനങ്ങളും നിത്യ സംഭവമായി മാറിയിരിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം തടയുന്നതിന് നിയമ പ്രകാരമുള്ള നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

**ഉത്തരം**

ശ്രീ. പി.കെ. അബ്ദുറബ്ബ്
വിദ്യാഭ്യാസ വകുപ്പുമന്ത്രി

(എ) & (ബി) വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് സർക്കാർ അനുമതിയില്ലാത്ത സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുവാൻ പാടുള്ളതല്ല. വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നതും സർക്കാർ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതുമായ വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുവാനും അല്ലാത്തവ അടച്ചു പൂട്ടുവാനും സർക്കാർ നടപടി സ്വീകരിച്ചു വരികയാണ്.

| | | | |
|---|---|---|---|
| (സി) | അംഗീകാരമില്ലാത്ത എത്ര സ്കൂളുകൾ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ./സംസ്ഥാന സിലബസ് എന്നീ വിഭാഗങ്ങളിലുണ്ട്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (സി) | സർക്കാർ അംഗീകാരമില്ലാതെ സ്വന്തം നിലയിൽ വ്യക്തികളും സ്ഥാപനങ്ങളും നടത്തി വരുന്നതാകയാൽ ഇപ്രകാരമുള്ള സ്കൂളുകളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. |
| (ഡി) | ചട്ട വിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം സ്കൂളുകൾ പൊതു വിദ്യാലയങ്ങളുടെ നിലനില്പിനു തന്നെ ഭീഷണിയുയർത്തുന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ? | (ഡി) | ഉണ്ട്. സർക്കാർ ഉത്തരവ് സ.ഉ. (കൈ) 184/2013/പൊ.വി. തീയതി 10.06.2013 പ്രകാരം മാനദണ്ഡങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത അൺ എയ്ഡഡ് വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുകയും, അതിനുശേഷം അംഗീകാരം ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ